പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1673 17-06-2013- ൽ മറുപടി പറയേണ്ടത്

# തിരുവനന്തപുരം പ്രിയദർശിനി പ്ലാനട്ടേറിയത്തിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.പി തിലോത്തമൻ : | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) തിരുവനന്തപുരം പ്രിയദർശിനി പ്ലാനട്ടേറിയം നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; സ്കൂളുകളിലെ ശാസ്ത്ര വിജ്ഞാന നിലവാരം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങളും പ്ലാനട്ടേറിയങ്ങളും സന്ദർശിക്കുന്നതിനുള്ള പഠനയാത്രകൾ, പാഠ്യവിഷയങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനും പ്രസ്തുത പഠനയാത്രകൾക്കാവശ്യമായ ചെലവുകൾ സർക്കാർ വഹിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | എ) ഉണ്ട്. 9.5 കോടി രൂപ ചെലവിൽ പ്ലാനറ്റേറിയം നവീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. ഗ്ലോബൽ ടെൻഡറിലൂടെ ജർമ്മൻ കമ്പനിയായ കാൾ സൈസ് (Carl Zeiss) കമ്പനിയെ ആണ് നവീകരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്, സ്കൂളുകളിലെ ശാസ്ത്ര വിജ്ഞാന നിലവാരം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പഠനയാത്രകൾക്കാവശ്യമായ ചെലവുകൾ സർക്കാർ വഹിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |
| ബി) വിവിധ ക്ലാസ്സ് നിലവാരത്തിനനുസരിച്ച് രണ്ടു വർഷത്തിലൊരിക്കലെങ്കിലും ശാസ്ത്ര പഠനയാത്രകളും, പരിസ്ഥിതി പഠനയാത്രകളും സംഘടിപ്പിക്കുന്നതിന് പാഠ്യപദ്ധതിയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ ; | ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) ഇപ്രകാരമുള്ള വിവിധ നിലവാരത്തിനനുസൃതമായ ശാസ്ത്രബോധം ലഭിക്കുംവിധം ശാസ്ത്ര സാങ്കേതിക | സി) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേൽനോട്ടത്തിൽ ചാലക്കുടിയിൽ ഒരു മേഖലാ ശാസ്ത്ര കേന്ദ്രവും, കോട്ടയത്ത് |

(മറുപുറം)

| | |
|---|---|
| മ്യൂസിയങ്ങളും നക്ഷത്ര ബംഗ്ലാവുകളും നിരീക്ഷണ കേന്ദ്രങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | സയൻസ് സിറ്റിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുനാമി പദ്ധതിയുടെ ഭാഗമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായി ചേർന്ന് 5 സ്കൂൾ ലെവൽ സയൻസ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തു, കൂടാതെ പുതിയ സയൻസ് സെന്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ചില നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. |
| ഡി) പ്രിയദർശിനി പ്ലാനട്ടേറിയത്തിലെ വിവിധ പ്രദർശനങ്ങൾ ഓൺ ലൈനായി മുൻകൂർ ബുക്ക് ചെയ്ത് കാണുന്നതിന് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം അടിയന്തിരമായി ഒരുക്കുമോ ? | ഡി) ഇപ്പോൾ നിലവിലില്ല. വെബ്സൈറ്റ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം പ്ലാനറ്റോറിയത്തിലെ വിവിധ പ്രദർശനങ്ങൾ ഓൺലൈനായി മുൻകൂർ ബുക്കുചെയ്ത് കാണുന്നതിന് സംവിധാനം കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ